## പതിമൂന്നാം കേരളനിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1730 — 15.02.2016-ൽ മറുപടിയ്ക്ക്.

### ഗ്രാമപഞ്ചായത്തുകളിലെ പാലിയേറ്റീവ് കെയർ പ്രോജക്ട്.

| | ചോദ്യം<br>ശ്രീ.കെ.എൻ.എ. ഖാദർ | | മറുപടി<br>ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന പാലിയേറ്റീവ് കെയർ പ്രോജക്ടിന് ഏതെല്ലാം രീതിയിലാണ് തുക കണ്ടെത്താൻ സർക്കാർ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (എ) | പരിഷ്കരിച്ച പാലിയേറ്റീവ് കെയർ മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ ചെലവുകൾ വഹിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വികസനഫണ്ട്/തനത് ഫണ്ട്/ ജനറൽ പർപ്പസ് ഫണ്ട് എന്നിവ വകയിരുത്താവുന്നതാണ്. വികസന ഫണ്ടിൽ നിന്നും വകയിരുത്താവുന്ന തുക പ്രത്യേക വിഭാഗങ്ങളുടെ പദ്ധതിയ്ക്ക് നീക്കി വയ്ക്കേണ്ട അനിവാര്യ വിഹിതത്തിൽ ഉൾപ്പെടുത്താവുന്നതാണ്. മരുന്ന് വാങ്ങുന്നതിന് മെയിന്റനൻസ് ഫണ്ട് വകയിരുത്താമെങ്കിലും മെയിന്റനൻസ് ഫണ്ടിന്റെ വിനിയോഗത്തിന് നിശ്ചയിച്ചിട്ടുള്ള പൊതു മുൻഗണനകൾക്കും നിബന്ധനകൾക്കും വിധേയമായി വേണം തുക വകയിരുത്തേണ്ടത്. ഹോം കെയർ സംവിധാനവും അനുബന്ധ പ്രവർത്തനങ്ങളും ഫലപ്രദമായി നടപ്പാക്കുവാൻ പ്രാദേശിക വിഹിതം സമാഹരിക്കാവുന്നതാണ്. മനുഷ്യ സ്നേഹികൾ, സംഘടനകൾ, സ്ഥാപനങ്ങൾ വിദേശ മലയാളികൾ മുതലായവരിൽ നിന്നും സംഭാവന സ്വീകരിച്ച് പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. |
| (ബി) | ഈ പദ്ധതിയ്ക്ക് പൊതുജനങ്ങളിൽ നിന്ന് സംഭാവന സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) യും (സി) യും | ഉണ്ട്.<br>ഹോം കെയർ സംവിധാനവും അനുബന്ധ പ്രവർത്തനങ്ങളും ഫലപ്രദമായി നടപ്പാക്കുവാൻ പ്രാദേശിക വിഹിതം സമാഹരിക്കാവുന്നതും, മനുഷ്യ സ്നേഹികൾ, സംഘടനകൾ, സ്ഥാപനങ്ങൾ, വിദേശ മലയാളികൾ മുതലായവരിൽ നിന്നും സംഭാവന സ്വീകരിച്ച് പ്രവർത്തനങ്ങൾ നടത്താവുന്നതുമാണ്. |
| (സി) | ഇല്ലെങ്കിൽ ദുരിതാശ്വാസ നിധിയുടെ മാതൃകയിൽ പാലിയേറ്റീവ് കെയർ നടപ്പാക്കുന്നതിനായി ഒരു നിധി എല്ലാ ഗ്രാമപഞ്ചായത്തുകളിലും ആരംഭിയ്ക്കുന്നതിനും പൊതുജനങ്ങളിൽ നിന്ന് കൂടി സംഭാവന സ്വീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ